തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവഭൂപട നിർമ്മാണത്തിന് ഉപയോഗിച്ച ടോപ്പോ ഷീറ്റുകൾ

5 [1520] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

ശ്രീ. വർക്കല കഹാർ :

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ കാലത്ത് നിർമ്മിച്ച തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വിഭവ ഭൂപടം നെതർലാന്റ് ഗവൺമെന്റിന് കൈമാറപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രകാരം കൈമാറിയത് സംബന്ധിച്ച് ആരോപണമുണ്ടായിട്ടുണ്ടോ; ഇതേപ്പറ്റി അന്വേഷിക്കുമോ;

(സി) തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ പഞ്ചായത്തിന്റെ വിഭവഭൂപട നിർമ്മാണത്തിന് രഹസ്യ ഭൂപട നിർമ്മാണത്തിനുപയോഗിക്കുന്ന ടോപ്പോഷീറ്റുകൾ ഉപയോഗിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ഷീറ്റ് അതിനുവേണ്ടി ഉപയോഗിച്ചെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സർവ്വെയർ ജനറൽ ഓഫ് ഇന്ത്യയുടെ അനുവാദം ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വിഭവഭൂപടങ്ങൾ നെതർലാന്റ് ഗവൺമെന്റിന് കൈമാറിയിട്ടില്ല. നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയുടെ (10 പഞ്ചായത്ത്) 'പൈപ്പ് ആസ് ലെയ്ഡ്' മാപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവഭൂപടം നിർമ്മിച്ചത് ലാന്റ് യൂസ് ബോർഡിന്റെ ആഭിമുഖ്യത്തിലാണ്. എന്നാൽ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ വിഭവ ഭൂപടം നിർമ്മാണം തദ്ദേശഭരണ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ അംഗീകൃത സംഘടന മുഖേനയാണ് നടപ്പിലാക്കിയത്. അംഗീകൃത സന്നദ്ധ സംഘടനകൾക്ക് ടോപ്പോ ഷീറ്റുകൾ നിബന്ധനകൾക്കു വിധേയമായി സർവ്വേയർ ജനറൽ ഓഫ് ഇൻഡ്യ നൽകാറുണ്ട്.

(ഡി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly